(ബി) അവയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട് ;

(സി) 1986-87 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിലെ എത്ര കോളനികൾ കൂടി വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഡി) ഇതുമൂലം എത്ര കുടുംബങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാലംചേരി, കൈത്തോട്, കണ്ണയംകോട്, വണ്ടത്തൂർ-പെമ്മരംകോണം എന്നീ നാലു ഹരിജൻ കോളനികൾ നടപ്പു സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി) പത്തു വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ അമ്പത്തിയഞ്ച് (55) തെരുവുവിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) പതിനാല് (14) കോളനികൾ.

(ഡി) മുന്നൂറ്റിഎഴുപത്തിയഞ്ച് (375) കുടുംബങ്ങൾക്ക്.

വെളിച്ച വിപ്ലവംവഴി കണക്ഷൻ ലഭിക്കാനുള്ളവർ

125. [177] ശ്രീ. ടെ ാനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ച വിപ്ലവംവഴി എത്ര പേർക്ക് സംസ്ഥാനത്താകെ ഇനി കണക്ഷൻ കൊടുക്കാനുണ്ട് ;

(ബി) അതിൽ കോൺട്രിബ്യൂഷൻ അടച്ച എത്ര പേർക്ക് കൊടുക്കാനുണ്ട് ;

(സി) ധനകാര്യമന്ത്രി വൈദ്യുതി വകുപ്പിന്റെ ചാർജ് എടുത്തതിനുശേഷം 28-2-1986 വരെ മന്ത്രിയുടെ സ്പെഷ്യൽ ഓർഡർ പ്രകാരം എത്ര പേർക്ക് കണക്ഷൻ കിട്ടി ;

(ഡി) സ്പെഷ്യൽ ഓർഡർ നൽകിയ എത്രപേർക്ക് ഇനി കിട്ടാനുണ്ട് ;

ഉത്തരം

(എ) പോസ്റ്റുകൾ ആവശ്യമുള്ള 14,000 കണക്ഷനുകൾ കൊടുക്കാനുണ്ട്.

(ബി) ഇതിൽ കോൺട്രിബ്യൂഷൻ അടച്ചവർ ആരുംതന്നെയില്ല.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തിനു ആവശ്യമുള്ള വിദ്യുച്ഛക്തി

126. [178] ശ്രീ. പി. സീതി ഹാജി :

" നാലകത്തുസൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യുച്ഛക്തി ഉപയോഗത്തിന് എത്ര യൂണിറ്റ് വിദ്യുച്ഛക്തിയാണ് ആവശ്യമുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ലക്ഷം യൂണിറ്റ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(സി) അയൽ സംസ്ഥാനങ്ങൾക്ക് വിദ്യുച്ഛക്തി നൽകുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് വിൽക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം ശരാശരി 155 ലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്.

(ബി) ഈ 155 ലക്ഷം യൂണിറ്റും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.

(സി, ഡി) ഇപ്പോൾ ഇല്ല.

പുതിയ വിദ്യുച്ഛക്തി കണക്ഷൻ

127. [179] ശ്രീ. പി. സീതിഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര പുതിയ വിദ്യുച്ഛക്തി കണക്ഷനുകൾ വീടുകൾക്ക് നൽകി ;

(ബി) 1985-86-ൽ ആകെ എത്ര അപേക്ഷ ലഭിച്ചു ; അതിൽ കോൺട്രിബ്യൂഷൻ സ്വീകരിച്ച് എത്ര പേർക്ക് കണക്ഷൻ നൽകി ?

ഉത്തരം

(എ) 1,72,309 എണ്ണം
(28-2-1986 വരെ)

(ബി) 26-2-1986 വരെ
2,60,475 എണ്ണം.

28-2-1986 വരെ 77,917 പേർക്ക് കോൺട്രിബ്യൂഷൻ അടിസ്ഥാനത്തിൽ കണക്ഷൻ നൽകിയിട്ടുണ്ട്.

സ്പിരിറ്റ് കള്ളക്കടത്ത് തടയുവാൻ നടപടി

128. [180] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് കടത്തുന്നത് ഫലപ്രദമായി തടയുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സ്പിരിറ്റ് കടത്തലിന് സഹായികളായിരുന്നതായി ആരോപണം വന്നിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേരളത്തിൻെറ അതിർത്തികളിൽകൂടി സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് തടയാൻ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly